(സി) ഇതുവരെ ഈ മുദ്ര പതിപ്പിക്കാത്ത പക്ഷം അതിനുള്ള കാരണം എന്തെല്ലാം ;

(ഡി) മദ്യകുപ്പികളിൽ ഹോളോഗ്രാം പതിപ്പിക്കുന്നപക്ഷം വ്യാജ മദ്യം തിരിച്ചറിയുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 26-9-2001-ലാണ് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഉത്തരവ് നല്കിയത്.

(ബി&സി) അനുവദിച്ചു. 10-2-2003 മുതൽ തിരുവനന്തപുരം ജില്ലയിലേയും 10-3-2003 മുതൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലേയും 2-5-2003 മുതൽ മറ്റു ജില്ലകളിലേയും ബാർ ലൈസൻസികൾക്ക് നല്കുന്ന മദ്യകുപ്പികളിൽ ഹോളോഗ്രാം സ്റ്റിക്കർ പതിച്ചുവരുന്നു. ചില്ലറ വില്പന ശാലകൾവഴി വില്ക്കുന്ന മദ്യകുപ്പികളിൽ ഹോളോഗ്രാം സ്റ്റിക്കർ പതിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പരിശോധനയിൽ തിരിച്ചറിയാൻ സാധിക്കും.

വ്യാജ വിദേശ മദ്യം

43 (2491) ശ്രീ. പി. എസ്. സുപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന ശാലകളിൽ നിന്നും എത്ര വ്യാജ വിദേശമദ്യം പിടിച്ചെടുത്തു ;

(ബി) പ്രസ്തുത പ്രശ്നവുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങളിലെ എത്ര ജീവനക്കാരുടെ പേരിൽ നടപടി എടുത്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യാജമദ്യം പിടിച്ചെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബി.പി.എൽ.-എ.പി.എൽ. റേഷൻ കാർഡ്

44 (2492) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻ കാർഡുകൾ നൽകിയപ്പോൾ ബി.പി.എൽ.-എ.പി.എൽ. എന്നീ രണ്ടു വിഭാഗങ്ങളായി തിരിച്ചതിൽ ഉണ്ടായ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബി. പി. എൽ. വിഭാഗക്കാർ എ. പി. എൽ. ആയിട്ടുണ്ടെങ്കിൽ അവരുടെ വരുമാനം പരിശോധിച്ച് ബി.പി.എൽ. ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly